# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2117 | 05.12.2018-ൽ മറുപടിക്ക് |
|---|---|

**മദ്യവില്പനയെ പ്രോത്സാഹിപ്പിക്കുന്ന ഫെയ്സ് ബുക്ക് കൂട്ടായ്മ**

| | ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ഗ്ലാസിലെ നുരയും പ്ലേറ്റിലെ കറിയും (ജി.എൻ.പി.സി.) എന്ന ഫെയ്സ് ബുക്ക് കൂട്ടായ്മ മദ്യവില്പനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) | ഗ്ലാസിലെ നുരയും, പ്ലേറ്റിലെ കറിയും എന്ന ഫെയ്സ് ബുക്ക് കൂട്ടായ്മ മദ്യവിൽപനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റിയിൽ നേമം പോലീസ് സ്റ്റേഷൻ ക്രൈം നം. 1448/18 U/s 153 IPC & 15 (c) r/w 63 of Abkari Act & 78 of JJ Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത കൂട്ടായ്മയുടെ അഡ്മിനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; | (ബി) | പരാതിക്ക് അടിസ്ഥാനമായതും, അറസ്റ്റിനാവശ്യമായതുമായ തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്. ഇക്കാരണത്താൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) | ജി.എൻ.പി.സി. ഗ്രൂപ്പിൽ എത്ര അഡ്മിനുകളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (സി) | GNPC ഗ്രൂപ്പിന്റെ അഡ്മിനായി അജിത്ത് കുമാർ റ്റി.എൽ S/o തുളസീദാസ്, TC 54/538, സരസ്, കാരക്കാമണ്ഡപം, നേമം എന്നയാളിനെകൂടാതെ വേറെ ആരെങ്കിലും ഗ്രൂപ്പ് അഡ്മിനായി ഉണ്ടോ എന്ന് അറിയുന്നതിലേയ്ക്ക് തിരു.സിറ്റി സൈബർ സെൽ മുഖാന്തിരം ഫെയ്സ് ബുക്ക് അതോറിറ്റിയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അഡ്മിനുകളിൽ പോലീസ് സേനയിലെ ആരെങ്കിലും ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | നാളിതുവരെയുള്ള അന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ ഉൾപ്പെട്ടിട്ടുള്ളതായി വെളിവായിട്ടില്ല. അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ